# അപ്പൂപ്പൻ താടി




ഡിജിറ്റൽ മാഗസിൻ

S.N.D.P.H.S.S,ആലുവ

ലിറ്റിൽ

കൈറ്റ്സ് IT

ക്ലബ്




വിദ്യ കൊണ്ട്

പ്രബുദ്ധരാകുക..



“പാറിപ്പറക്കണം ,


വാനോളമുയരണം,

കാണാത്ത കാഴ്ചകൾ

**കണ്ടങ്ങു മരിക്കണം.......!”**

**അപ്പൂപ്പൻ താടി**

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS




# അപ്പൂപ്പൻ താടി

# വളർച്ചയുടെ

# മികവിൽ......




**അപ്പൂപ്പൻ താടി**

# സ്കൂൾ ചുറ്റുവട്ടം............








## ആമുഖം...

ചിത്ര രചന
ആശംസകൾ
ഗാന്ധിസാഹിത്യസംഗ്രഹം
മണിവീണ
അർച്ചനാപുഷ്പം

കാളകൾ
മതിലേരിക്കന്നി
പി.ഭാസ്കരൻ
തുടിതാളം
ചില
നിമിഷങ്ങളിലൂടെ
ചിത്ര രചന
അഭിമാന താരങ്ങൾ
വടി കൊടുത്ത്
അടി വാങ്ങി
ശ്രീ നാരായണ ഗുരു

നിരന്തരം നവീകരിക്കപ്പെടുന്ന കഴിവുകൾ വ്യത്യസ്തമാണ്.കഴിഞ്ഞ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമായിരുന്നില്ല.വരും  തലമുറയിൽ കമ്പ്യൂട്ടർ അറിയാത്തവർ അറിവില്ലാത്തവരായി പരിഗണിക്കപ്പെടാം.പൂർവികർ കല്ലുകളിൽ തുടങ്ങിയ എഴുത്ത് ഇപ്പോൾ കീബോർഡ് കയ്യടക്കി .മഷിയുടെ സ്ഥാനം ഇ-മഷിയും.

തൻെറ കാലത്തെ അറിയാനും തൻെറ ചുറ്റുപാടിനെയും അതിലെ മനുഷ്യരേയും മനസ്സിലാക്കാനും ഈ മണ്ണിനെയും അതിലെ മനുഷ്യരേയും നന്മയിലേക്ക് നയിക്കാനും ഈ കുഞ്ഞി പട്ടങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്............

എഡിറ്റർ

# ചിത്ര രചന......




**അപ്പൂപ്പൻ താടി**



## ആശംസകൾ.......

ലോകം ഹൈടെക്ക് യുഗത്തിലെക്ക് അതിവേഗം കുതിച്ചുയരുന്ന ഈ കാലത്ത്, കേരളഗവൺമെൻറിൻെറ IT ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് S.N.D.P.H.S.S യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻെറ അണിയറശിൽപ്പികളായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്കൂൾ P.T.A യുടെ സ്നേഹാഭിനന്ദനങ്ങൾ സാദരം അറിയിച്ചു കൊള്ളുന്നു.

P.T.A പ്രസിഡൻറ്
എം.കെ രാജീവ്

എസ്.എൻ.ഡി.പി.എച്ച്.എസ്.എസിലെ ലിറ്റിൽ കൈറ്റ്സ് IT ക്ലബ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എൻെറ എല്ലാ ആശംസകളും അറിയിക്കുന്നു.

മാനേജർ
ശ്രീ വെള്ളാപ്പള്ളി നടേശൻ
S.N.D.P.H.S.S,ആലുവ

## ആശംസകൾ......



എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ആലുവയിലെ കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമാകാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി കരുതുന്നു.കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്ന ഒരു പദ്ധതി കൂടിയാണിത്.ജീവിതത്തിൻെറ വഴിത്തിരിവിൽ എന്നും ഒരു കൈത്താങ്ങാവാൻ കഴിയുന്ന ഈ പദ്ധതിയ്ക്ക് എല്ലാ വിധ ഭാവുകങ്ങളും അർപ്പിക്കുന്നു. അതോടൊപ്പം ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമായി എൻെറ കുട്ടികൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പിൽ സീമ കനകാംബരൻ

# എഡിറ്റോറിയൽ

ഞങ്ങളുടെ കഴിവുകൾ വാക്കുകളും വരകളുമായി
അണിയിച്ചൊരുക്കാനുള്ള  ഒരു എളിയ പരിശ്രമം
അത്രമാത്രം.....പൂർണ്ണതയൊന്നും
അവകാശപ്പെടാനില്ലാത്ത ഈ എളിയ പരിശ്രമത്തെ
സാദരം നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു....



ചീഫ് എഡിറ്റർ
മുഹമ്മദ് സുഹൈൽ

# സന്ദേശം

സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുന്നതിനായി കുട്ടികളുടെ ഐ.ടി.കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ആലുവ എസ്.എൻ.ഡി.പി സ്കൂളിലും നടപ്പിലായിവരുന്നു.ഈ പദ്ധതിയുടെ സംരംഭമായി ഇ-മാഗസിൻ നിർമിച്ച് പ്രസിദ്ധീകരിക്കുന്നതിൽ  അതിയായ സന്തോഷം അറിയിക്കുന്നു.മാഗസിൻ നിർമ്മാണത്തിന് പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും,മറ്റു കുട്ടികൾക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ .സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്...........



(ഒപ്പ്)

എൻ.സി ബീന

(എച്ച്.എം)

# ചിത്ര രചന......



# ഡിജിറ്റൽ മാഗസിൻ പണിപ്പുരയിൽ കുട്ടിപ്പട്ടങ്ങൾ......



# ഗാന്ധിസാഹിത്യസംഗ്രഹം

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.
നിങ്ങൾ സംശയഗ്രസിതനാകുമ്പോഴോ അഹന്ത
നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു
ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവുമധികം
ദരിദ്രനായ,നിസ്സഹായനായ മനുഷ്യൻെറ മുഖം
സങ്കൽപ്പിച്ചുനോക്കുക.എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്
ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന്
സ്വയം ചോദിച്ചുനോക്കുക.അതുകൊണ്ട്
അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ?
അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ
മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി
ക്കൊടുക്കുമോ?മറ്റൊരു രീതിയിൽ പറഞ്ഞാൽ
നമ്മുടെ നാട്ടിൽ ആധ്യാത്മികമായും
ശാരീരികമായും പട്ടിണികിടക്കുന്ന
കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം
നേടുന്നതിന് അത് സഹായകമാകുമോ?

അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും
അഹന്ത അലിഞ്ഞുപോകുന്നതായും
നിങ്ങൾക്ക് അനുഭവപ്പെടട്ടെ.

# 14
# സ്കൗട്ട് & ഗൈഡ് യൂണിറ്റ്



## അർച്ചനാപുഷ്പം

മാനസ്സ സരസാം മലർവാടി
പുഴകുത്തേറ്റ് പിടഞ്ഞപ്പോൾ
അഭയമർത്ഥിച്ച ചെന്നെത്താൻ ഭിഷഗ്വര-
മാലാഖ തൻ മുന്നിലായ്

എത്തുംഞാനോതുവാൻ എന്നാത്മസംഘർഷമേ
ഏതോ വിഷാദചുഴിയിൽ ഞാൻ വീണുപോയി
ഈറൻ മിഴികോണിൽ നിയിന്നു വായിച്ച
ഈരടിക്കർത്ഥം നിനക്കോതുവാൻ കഴിയുമോ?

സ്വപ്നത്തിലാവണി തോണിതുഴത്തു
പ്രശാന്തസുന്തര തീരത്തണഞ്ഞു ഞാൻ
ഊഷര ഭൂമിയിൽ ഞാൻ നട്ടുവളർത്തിയ
സ്വർഗ്ഗീയസുന്ദര നിമിഷങ്ങളരിഞ്ഞു ഞാൻ

ആമോദമായെൻ മാനസ മലർവാടിയിൽ
ആദ്യമായി മൊട്ടിട്ട മുക്ളങ്ങളെ
താരാട്ടുപാടുവാനരിയില്ലയെങ്കിലും
താളം പിടിച്ചുഞാനാത്മ ഹർഷമായ്

താഞ്ഞിനീണ്ടം പകരുവാനായ്
താതൻ നൽകിയോരോജസ്സും തേജസ്സും
തുഷാരഹാരങ്ങളണിഞ്ഞെത്തി
ആദ്യശ്യമാം ഈശ്വര നന്മകളും

ആനന്ദസാഗര നന്മയിലാറാടി
ആനന്ദകുരുന്നരകൾ വളർന്നുവന്നു
അടരുവാനല്ല.പൂങ്കുലകളായ്
വിടരുവാനായി പരിമളം പടർത്തുവാനായ്

# മണിവീണ.....

മാനസപൊയ്കയിലെ മണിവീണ
മീട്ടിയപ്പോൾ
കമ്പികൾപൊട്ടിയചിലമ്പൊലിനാദം
കേട്ടുഞാൻ
ഇടറിയതാളത്തിനീണം പകരുവാൻ
തുനിഞ്ഞപ്പോൾ
ഒരു പാഴ്ശ്രുതി കേട്ടു തകർന്നു ഞാൻ
കാണാതെ കണ്ടപ്പോൾ ഓടിയരികി-
ത്തിയപ്പോൾ

ഓമൽ കിനാവായി തീർന്ന നീ
കേൾക്കാതെ കേട്ടപ്പോൾ,കാതോ-
ർത്ത് നിന്നപ്പോൾ
ഒരിളം തെന്നലായ് അകന്നു നീ
ആരോരുമറിയാതെ ഞാൻ തുന്നി-
തൊട്ടിലിൽ

തങ്കത്തിൻ മുത്തായികിടന്നു നീ
താരാട്ടു പാടുവാനറിയാതെ
നിന്നപ്പോൾ
ഒരു വെൺ നിലാവായി തീർന്നു നീ..........

**ജിജി ടീച്ചർ.....**

# അപ്പൂപ്പൻ താടിക്ക് പിന്നിൽ

**അജി മോൾ ടീച്ചർ**

**സുമിത ടീച്ചർ**

**ഫസീന ഷെമീർ**

**അനശ്വര സതീശൻ**

**സുഹൈൽ**

**ഹാഫിസ്**

**അദ്വൽ ക്രിഷ്ണ്**

**അനന്ദു സുനിൽ കുമാർ**

**അസ്ലം. പി.എസ്**

**ഫർദീൻ സലീം**

# കാളകൾ



*തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-*
*ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ*
*മറ്റൊരു വണ്ടിക്കാള മാനുഷാകീരം പൂണ്ടി-*
*ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കുനിക്കുടി.*
*തോളുകൾ കുനിഞ്ഞിട്ടുണ്ടവനും, സ്വജീവിത-*
*നാളുകൾ തൽകണ്ഠ്ത്തിലേറ്റിയ നുകം പേറി.*
*കാലുകൾ തേഞ്ഞിട്ടുണ്ടിന്നവനും നെടുനാള-*
*ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിതാണ്ടി.*
*ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ*
*നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.*
*മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ*
*പുണ്ണുകൾ   പടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ.*
*ഒട്ടേറെക്കാലം മുമ്പിലച്ചെരുപഞ്ഞായിപ്പിറന്ന കാലം മുതൽ,*
*ലക്ഷ്യമൈ, ങ്ങറിയാതെ, മൃത്യുവിൻ ഭയാനക-*
*ശിക്ഷയിൽബ്ഭ് യം പൂണ്ടു കാൽക്ഷണം പതറാതെ ,*
*ജീവിതം കയറ്റിയോരുൽക്കബ്ഭാരം തിങ്ങു-*
*മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!*
*ഗ്രാമവീഥിയിൽ, നേരം വെളുക്കെ, ക്കുടം പേറി,*
*ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,*
*പുഞ്ചയ്ക്കു വെള്ളം  തേവും കൃഷ്ക്കാക്കാർതൻ ശുദ്ധമാം*
*നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ*
*ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്*
*സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികൾ ശയിക്കുമ്പോൾ;*
*ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-*
*ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ,*
*അന്തിയിൽ , വിഷക്കാവിൽ, വെളിച്ചമകറ്റുവാൻ*

ദുർമന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളിടുമ്പോൾ,
അകലേക്കുനിൻമേലിൽ, രാത്രിതൻ ഗുഹകളെ-
യലറുമ തെണ്ടിപ്പട്ടി' യോളി' യാൽ നിറയ്ക്കുമ്പോൾ
കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു ചരിപ്പതായ്:
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും ; വണ്ടി-
ത്തണ്ടിൻെറ ദയാർഹമാം ഞരക്കം മാത്രമ കേൾക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്; ത്തെളിക്കുന്ന
കാള യും ചലിക്കുന്നിതാവിധമെന്നും തന്നെ!
ഒട്ടേറെയപൂർവമായ്ക്കേട്ടിടാം, വണ്ടിക്കാരൻ
ചാട്ടവാറുലയ്ക്കവേ മൂളുന്ന പാട്ടൊന്നേവം:
നാടകമേ.... യുലകം നാളെ, നടപ്പതേ-
യാരറിവാർ- ഒരു നാടകമേ.... യുലകം!
ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടു ഞാനെൻ
കര ള നടുങ്ങവേയിമ്മട്ടാമൊരു രംഗം:
നാലുപേർ- അല്ലാ- നാലു കാളകൾ- പഴന്തുണി
മൂടിയ മരക്കട്ടിൽ പേറി മുന്നേറിടുന്നു!
കട്ടിലിൽ - ത്തുണിക്കുള്ളിൽക്കിടപ്പു തൻ ചൈതന്യം
വറ്റിയ വണ്ടികളെ - പണ്ടത്തെ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ
വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീലാ.
തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു.

ഓർക്കുക വല്ലപ്പോഴും (പി. ഭാസ്കരൻ)

അപ്പൂപ്പൻ താടി

## 20

# മതിലേരിക്കന്നി

**തി**രുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പോട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞികന്നി:
"കനകം നാളേറെ  മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവാഴിക്
അറിയാതെ ആയിരം കുറ്റം കണ്ട്
അതിലെന്തുടയോനെ! വേണ്ടത് ഞാനേ
 ഓലുണ്ടെരിപൊയങ്കത്തില്
ഞാനുണ്ചിപ്പട്ടൂരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്കട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കിന്നില്ല
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുണെന്നേ!
പതിനേഴും കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയുലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ
നാട്ടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!
നാട്ടുവഴീരുന്നാലേ ഞാനിരിക്കൂ!
നാളത്തേ പുല്ലപുലരും കാലം
വേണാട് പൂങ്കൊയിലോം പോണെനക്ക്
തിരുവെഴുത്താലോലാതുകാണന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്ന്യെനക്ക്
തലവൻ പടനായരത്തേടിച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ"
പന്തിരണ്ടോമനത്തിരുവയസ്സിനൽ
പയറ്റിതേളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെൻച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്യു താപ്പൂട്ടി വന്നോളാലോ.


# പി.ഭാസ്കരൻ

(1924-2007)



കവി,ഗാനരചയിതാവ്,ചലച്ചിത്രകാരൻ,മാധ്യമപ്രവർത്തകൻ എന്നീ പദവികളിൽ പ്രശസ്തൻ.ദീർഗ്ഘകാലം ആകാശവാണിയിൽ ജോലിചെ-യ്തു.ദീപിക പത്രാതിപർ,ഏഷ്യാനെറ്റിൻെറ  ആദ്യചെയർമാൻ എന്നീ പദ-വികളും വഹിച്ചിട്ടുണ്ട്.പത്മശ്രീ,കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ,വടലാർ അവാർഡ്,ഓടക്കുഴൽ  അവാർഡ്,ജെ.സി.ഡാനി- യേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി.ഒറ്റക്കമ്പിയുള്ള തംബുരു,ഓർക്കുക വല്ലപ്പോഴും,വയലാർ  ഗർജ്ജിക്കുന്നു,ഓടക്കുഴലും ലാത്തിയും  ,ഒരിക്കൽക്കൂടി,കായൽക്കാറ്റ്,രണഭേരി,കർഷകഗാനം മുൾകിരീടം , ദേശീയഗാനങ്ങഖത്തോട്ടുമുഖം(കവിതകൾ)ൾ,സിനിമാഗാനങ്ങൾ,നാഴീ-, യൂരിപ്പാല്(ഗാനസമാഹാരങ്ങൾ),കാടാറുമാസം,സിനിമാനിർമ്മാണം(ഉപ-ന്യസങ്ങൾ)എന്നിവയാണ് പ്രധാനക്രതികൾ .,

# തുടിതാളം തേടി...




നമ്മുടെ മാതാവ് -കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വയറ്റിയിട്ടില്ലാത്ത പൂങ്കണ്റ്ത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ(വള്ളത്തോൾ)

23

## ശ്രീ നാരായണ ഗുരു...

അദ്വൈത ദർശനത്തെ സിദ്ധാന്തത്തിന്റെ താളിയോലയിൽ നിന്നും ജിവിതത്തിൻറ നനവുറുന്ന മണ്ണിലേക്ക് ഇറക്കി കൊണ്ട് വന്ന ഋഷീശ്വരനാണ് ശ്രീ നാരായണ ഗുരുദേവൻ.ഒരു ജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന് എന്ൻ ഉദ്ഘോഷിച്ച ഗുരുദേവൻ പ്രസ്തുത സിദ്ധാന്തത്തെ പ്രയോകികമാക്കുന്നതിനായി ചരിത്രമുറങ്ങുന്ന ആലുവയുടെ മണ്ണിൽ സർവർക്കും വിദ്യ പ്രധാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകുടിയാണ് സംസ്കൃത പാഠ ശാല  സഥാപിച്ചത് .ആ വിദ്യാകേന്ദ്രം ഇന്ൻ എസ് എൻ ഡി പി ഹയർസെക്കണ്ടെറി സ്ക്രൂൾ എന്ന പേരിൽ ദേശവാസികൾക്കാകെ വിദ്യയും ഊർജ്ജവും പകർന്നുകൊണ്ട് തലയുയർത്തി നിൽക്കുകയാണ്. യുഗപ്രഭാവനായ ഗുരുദേവൻ അറിവിൻറെ ഈ ദിപനാളം തെളിച്ച് വച്ചിട്ട് ഈ അവസരത്തിൽ 100 വർഷങ്ങൾ തികയുന്നു. കൊല്ലവർഷം 1087 മീനം 1ന്ദ അലുവ റയിലവേ

സ്റ്റേഷന് സമീപമുള്ള ഒരു ഏക്കർ മുപ്പത്തിമൂന്ന് സെൻറ് സ് ഥലം മൂത്തകുന്നം ഹിന്ദുമത ധർമ്മ പരിപാലന സഭക്കാർ ഗുരുവിന്റെ പേരിൽ വാങ്ങി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഭൂമിയിലാണ് സംസ്കൃത പാഠ ശാല ഉയർന്നു വന്നത്. അന്നത്തെ തിരുവിതാംക്കൂർ ദിവാനായിരുന്ന ശ്രീ എം. കൃഷ്ണൻ നായരാണ് ഈ പാഠ ശാലയുടെ ഉദ്ഘ്വാടനം നിർവഹിച്ചത്.

സമസ്ത ജനങ്ങള്ക്കും സംസ്കൃതത്തിലൂടെ വിദ്യ അഭ്യസിക്കുന്നതിന് വേണ്ടി നാരായണഗുരുവിനാൽ 1916 ൽ സംസ്ഥാപനം ചെയ്ത വിദ്യാലയമാണ് അദ്വൈവതാശ്രമ സംസ്കൃത പാഠശാല.1954-ൽ ഈ വിദ്യാലയം ഹൈസ്കൂളായി ഉയര്ത്തി.2000-ൽ ഹയർസെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു പ്രിൻസിപ്പൽ ശ്രീമതി സീമ കനകാംബരൻ, ഹെഡ്മിസ്ട്രസ് ,ശ്രീമതി എൻ.സി ബീന

എന്നിവര്‍

ഈ വിദ്യാലയത്തിന്റെ സര്‍വ്വതോന്മുഖമായ വികസന പ്രവര്‍ത്തനങ്ങള്‍ക്ക് ചുക്കാന്‍ പിടിക്കുന്നു.

'''*മുന്‍കാല അധ്യാപകര്‍*'''

ആത്മാനന്ദ സ്വാമികള്‍, രാമപ്പണിക്കര്‍, M.K.ഗോവിന്ദന്‍, കുറ്റിപ്പുഴ കൃഷ്ണപിള്ള, സി അയ്യപ്പന്‍.


'*പ്രശസ്തരായ പൂര്‍വ്വ വിദ്യാര്‍ത്ഥികള്‍*'''

ശ്രീമദ് നടരാജ ഗുരു, നിത്യ ചൈതന്യ യതി, പേരൂര്‍ കൃഷ്ണന്‍ എംബ്രാന്തിരി, പഴമ്പിള്ളി അച്യുതന്‍, രാമന്‍ പണിക്കര്‍, പരമേശ്വര ശാസ്ത്രികള്‍, മഹാകവി ജി ശങ്കരകുറുപ്പ്, കെ. പി. ഹോര്‍മിസ് (ഫെഡറല്‍ ബാങ്ക് സ്ഥാപകന്‍ ), ഭരത് പിജെ ആന്റണി, ഡോ. പിത്തര്‍ ശാസ്ത്രികള്‍, ഒ.പി.ജോസഫ്, ശ്രീ അന്‍വര്‍സാദത്ത് (Aluva MLA).

ഏഷ്യയിലെ ആദ്യത്തെയും, ലോകത്തെ രണ്ടാമത്തെയും സർവ്വമത സമ്മേളനത്തിന് വേദിയാവുക വഴി ലോകചരിത്രഭൂമികയിൽ തന്നെ ഈ സഥാപനം സഥാനം പിടിച്ചു. അതേ പോലെ തന്നെ മഹാകവി രവീന്ദ്രനാഥ ടാഗോറിനു സ്വീകരണം നൽകിയതും സഹോദരൻ അയ്യപ്പൻറെ നേതൃത്വത്തിൽ ആദ്യത്തെ സഹോദര സമ്മേളനം നടന്നതും വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും ലഭിച്ച മഹാകവി കുമാരനാശാന് സ്വീകരണം നല്കിയതും എല്ലാം ഈ സ്ക്രൂളിലെ ഹാളിലായിരുന്നു എന്നതും അവിസ്മരണീയമാണ്. തിരുവിതാംക്രൂർ ദിവാൻ മി.വാട്സൺ, കൊച്ചി ദിവാൻ ഹെർബർട്ട് തുടങ്ങിയ പ്രമുഖ വിദേശികൾ ഈ പാഠ ശാല സന്ദർശിക്കുകയും, വിദ്യർത്ഥികളുമായി സംവദിക്കുകയും ചെയ്തിട്ടുണ്ട്.

== സൗകര്യങ്ങൾ == സ്ഥാപിതം 1916 സ്ക്രൂൾ കോഡ് 25012 സ്ഥലം ആലുവ സ്ക്രൂൾ വിലാസം ആലുവ.പി.ഓ

പിൻ കോഡ് 25012 സ്ക്രൂൾ ഫോൺ 04842621010 സ്ക്രൂൾ ഇമെയിൽ aluvasndphss@yahoo.in സ്ക്രൂൾ വെബ് സൈറ്റ് വിദ്യാഭ്യാസ ജില്ല ആലുവ റവന്യൂ ജില്ല എയിഡഡ് സ്ക്രൂൾ വിഭാഗം പൊതു വിദ്യാലയം



എറണാകുളം ഉപ ജില്ല ആലുവ ഭരണ വിഭാഗം

എയിഡഡ് സ്ക്രൂൾ വിഭാഗം പൊതു വിദ്യാലയം

# ചില നിമിഷങ്ങളിലൂടെ .......

ജൂൺ 5 പരിസ്ഥിതി ദിന പരുപാടി.......

## സ്കൗട്ട് & ഗൈഡ് യൂണിറ്റ്...





@EARTH
GREEN CAMPUS











# വടി കൊടുത്ത് അടി വാങ്ങി

ഒരിടത്ത് ഒരു വൃദ്ധയായ സ്ത്രീയും അവരുടെ മൂന്ന് പേരക്കുട്ടികളും ഉണ്ടായിരുന്നു.അച്ഛനും അമ്മയും ഇല്ലാതിരുന്ന ഈ മൂന്ന് പേരക്കുട്ടികളെയും ഈ വൃദ്ധയായ സ്ത്രീയാണ് നോക്കിയിരുന്നത്. കുട്ടികളുടെ നല്ല നടപ്പിന് വേണ്ടി ആ സ്ത്രീ വളരെ കർശന നടപ്പടികൾ എടുത്തിരുന്നു.അതിൻെറ ഭാഗമായി ആ വൃദ്ധ അവരെ വെളുപ്പിന് 5 മണ്ക്ക് എണീപ്പിക്കുമായിരുന്നു.മടിയന്മാരായ ഈ മൂന്ന് കുട്ടികളും കാലത്തെ എഴുന്നേൽക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല.ആ വൃദ്ധ കാലത്ത് തന്നെ എണീക്കുന്നത് പൂവൻ കോഴിയുടെ കൂവൽ കേട്ടാണ്.മടിയന്മാരായ ആ മൂന്ന് കുട്ടികളും തങ്ങൾക്ക് സുഖമായി ഉറങ്ങാൻ സമ്മതിക്കാത്ത ആ പൂവൻ കോഴിയെ കൊന്ന് കളയണമെന്നാഗ്രഹിച്ചു.ഒരു ദിവസം ആ വൃദ്ധ ചന്തയിൽ പോയ തക്കം നോക്കി ആ മൂന്ന്  കുട്ടികൾ ചേർന്ന് ആ പൂവൻ കോഴിയെ കൊന്ന് കളഞ്ഞു.ആ വൃദ്ധ തിരിച്ച് വന്നതിന് ശേഷം ആ കോഴിയെ കുറേ നേരം അന്വേഷിച്ചെങ്കിലും ഫലമുണ്ടായില്ല.ഇന്നത്തെ രാത്രി സുഖമായി ഉറങ്ങാമെന്ന് കരുതിയ  ആ മൂന്ന് മടിയന്മാരെ ആ വൃദ്ധ പാതിരാത്രി തന്നെ ഉറക്കത്തിൽ നിന്ന്എഴുന്നേൽപ്പിച്ചിട്ട് പറഞ്ഞു "ആ കോഴി ഉണ്ടായിരുന്നു നമ്മുക്ക് സമയം ആകുമ്പോൾ അറിയിച്ചുതരാൻ ,ഇനി മുതൽ നമ്മുക്ക് അതികമുറങ്ങിയാൽ നേരത്തേ എണീക്കാൻ പറ്റില്ല,അതിനാൽ  ഈ നേരത്ത് തന്നെ നമ്മുക്ക് ഉണരാം " ഇത് കേട്ടപാടെ തങ്ങൾക്ക് പറ്റിയ പറ്റ് ഓർത്ത് ആ മൂന്ന് മടിയന്മാർ നിരാശാരായി.




ഫർദീൻ സലീം...9E

# അഭിമാന താരങ്ങൾ

*സംഘ ഗാനം സബ് ജില്ല -A grade........*



# അറബി ഗാനം ,അറബി പദ്യം-A grade



ഫാത്തിമ സെൻഹത്ത്


30

## ST MARY'S സെറ്റിനറി കപ്പ് ഫുട്ബോൾ ,ടൂർണമെൻറ് വിജയികൾ......




# ചിത്ര രചന......




Nandhana
9C

**33**



# എസ്.എൻ.ഡി.പി .എച്ച്.എസ്.എസിലെ കുട്ടിപ്പട്ടങ്ങൾ...........



# ചില നിമിഷങ്ങളിലൂടെ

## വിനോദയാത്രയിൽ പത്താം ക്ലാസ്സ്.........





# പ്രളയത്തിന് ഒരു

# കൈത്താങ്ങ്...........





# ലിറ്റിൽ കൈറ്റ്സ് ദ്വിദിന ക്യാമ്പ്





*ഡിജിറ്റൽ മാഗസിൻ*
*യാഥാർത്ഥ്യമാകാൻ സഹായിച്ച എല്ലാ*
*ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും*
*നേതൃത്വം നൽകിയ അജി മോൾ ടീച്ചർക്കും*
*സുമിത ടീച്ചർക്കും ഒരായിരം നന്ദി......*

എഡിറ്റർ